## ***1.OSM ൽ പുതിയ അക്കൗണ്ട് എടുക്കുന്നത് എങ്ങനെ?***

**സ്റ്റെപ് 1:**
www.openstreetmap.org, എന്ന വിലാസത്തിൽ കയറി , വലതു വശത്തു കാണുന്ന signup, ബട്ടൺ ക്ലിക്ക് ചെയ്യുക.
**Step 2** :
 നിങ്ങളുടെ ഇമെയിൽ വിലാസം , Diplay, name, ഈ അക്കൗണ്ടിനായി ഒരു പാസ്സ്‌വേർഡ് എന്നിവ കൊടുത്ത ശേഷം signup, ബട്ടൺ ക്ലിക്ക് ചെയ്യുക
 **Step 3:**
സൈൻ അപ്പ് ബട്ടൺ ക്ലിക്ക് ചെയ്യുന്നതോടെ terms and condition പേജ് കാണാം .
ഇതിൽ country of residence = rest of the world എന്ന് സെലക്ട് ചെയ്യുക.
**Step 4**:
OSM  പ്ലാറ്റഫോം ഉപയോഗിക്കുന്നതിന്റെ  നിബന്ധനകൾ അംഗീകരിച്ചു agree ബട്ടൺ ക്ലിക്ക് ചെയ്തു കഴിഞ്ഞാൽ OSM അക്കൗണ്ട് ആക്ടിവേറ്റ് ചെയ്യുന്നതിനുള്ള ഒരു ലിങ്ക് നിങ്ങളുടെ മെയിലിൽ വന്നിട്ടുണ്ടാകും.
**Step 5:**
നിങ്ങളുടെ ഇമെയിൽ വിലാസത്തിൽ ലോഗിൻ ചെയ്ത ശേഷം ആക്ടിവേഷൻ ലിങ്ക് ക്ലിക്ക് ചെയ്തു ഓപ്പൺസ്ട്രീട് മാപ് അക്കൗണ്ട് activate, ചെയ്യുക.
**Step 6:**
 തുടർന്ന് വരുന്ന പേജിൽ സ്റ്റാർട്ട് മാപ്പിംഗ് ബട്ടൺ ക്ലിക്ക് ചെയ്യുക . ഇപ്പോൾ നിങ്ങളുടെ അക്കൗണ്ടിലൂടെ ഓപ്പൺസ്ട്രീട് മാപ് എഡിറ്റ് പേജിലേക് പോകുന്നതായി കാണാം .
ഇനി നിങ്ങൾക്ക്  ഈ അക്കൗണ്ട് ഉപയോഗിച്ച് മാപ്പിംഗ് ചെയ്യാവുന്നതാണ് ..

## ***2. ഒഎസ്എമ്മിൽ ഒരു കെട്ടിടം ചേർക്കുന്നത്  എങ്ങനെ?***

**Step 1 :**
openstreetmap.org എന്ന സൈറ്റിൽ നിങ്ങളുടെ username,password കൊടുത്ത ലോഗിൻ ചെയ്യുക.

**Step 2 :**
 നിങ്ങൾക് പരിചിതമായ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതിനായി ഇടതുവശത്തുള്ള search ബോക്സിൽ  പ്രേദേശത്തിന്റെ  പേര്  സെർച്ച് ചെയ്യുക. അപ്പോൾ നമ്മൾ കൊടുത്ത പേരുമായി ബന്ധപ്പെട്ട ഒന്നിലധികം സ്ഥലങ്ങൾ  ലിസ്റ്റ് ചെയ്യുന്നതായി കാണാം . അതിൽ നിന്നും നമ്മൾ ഉദ്ദേശിക്കുന്ന ഒരെണ്ണം സെലക്ട് ചെയ്താൽ ആ ലൊക്കേഷനിലേക് പോകുന്നതാണ്.

**Step 3:**
 ബ്രൗസറിൽ URL ൽ map = കഴിഞ്ഞു കാണുന്ന സംഖ്യയാണ്  നിങ്ങൾ  കാണുന്ന മാപ്പിന്റെ സൂം ലെവൽ. ഇത്  17 നോ അതിനു മുകളിലോ ആക്കി വേണം മാപ് എഡിറ്റ് ചെയ്യേണ്ടത് .

**Step 4:**
നിങ്ങൾക് അറിയുന്ന ഒരു കെട്ടിടം വരയ്ക്കാനായി മുകളിൽ കാണുന്ന ഏരിയ ടൂൾ തിരഞ്ഞെടുത്ത ശേഷം കെട്ടിടത്തിന്റെ ഓരോ മൂലകളും ക്ലിക്ക്ചെയ്ത് പൂർത്തിയാക്കിയ ശേഷം enter കീ പ്രസ് ചെയ്യുക.

**Step 5 :**

നിങ്ങൾ വരച്ച area select ചെയ്ത ശേഷം ( നിങ്ങൾ വരച്ച ഭാഗം highlight ആയി എന്ന് ഉറപ്പു വരുത്തുക. ) ഇടതു വശത്തെ ബോക്സിൽ നിന്നും നിങ്ങൾ വരച്ച കെട്ടിടം ഏതു വിഭാഗത്തിൽ പെടുന്നു എന്ന് തിരഞ്ഞെടുത്ത ശേഷം കെട്ടിടത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കൊടുക്കുക.

***3.റോഡുകൾ, പുഴകൾ എന്നിവ വരയ്ക്കുന്നത് എങ്ങനെ?***

**Step 1:**
നിങ്ങൾക്ക് പരിചിതമായ ഒരു സ്ഥലം തിരഞ്ഞെടുക്കുക. അതിൽ അടയാളപ്പെടുത്താത്ത റോഡുകൾ / പുഴകൾ ഉണ്ടോ എന്ന് പരിശോധിച്ച ശേഷം വരച്ചു തുടങ്ങാം.

**Step 2:**
റോഡുകൾ, നദികൾ എന്നിവ വരയ്ക്കുന്നതിനായി Line ടൂൾ തെരഞ്ഞെടുക്കുക. ഇനി Satelite ഇമേജ് നോക്കി അതിന് പുറത്തു കൂടി click ചെയ്ത് റോഡ് / പുഴകൾ പൂർത്തിയാക്കാം.

**Step 3:**
ഇടതു വശത്തു നിന്നും റോഡ് ഏതു വിഭാഗത്തിൽ പെടുന്നു എന്ന് തെരഞ്ഞെടുക്കുക. ഇനി റോഡിന്റെ പേര്, സ്ട്രക്ച്ചർ, വീതി തുടങ്ങി കൂടുതൽ വിവരങ്ങൾ അറിയാമെങ്കിൽ അവ കൂടി ഉൾപ്പെടുത്തുക.ശേഷം upload ചെയ്യുക.

***4. വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന്***

**Step 1:**
നിങ്ങൾ വരച്ച മാറ്റങ്ങൾ ഓപ്പൺസ്ട്രീട് മാപ്പിലേക് upload ചെയ്യുന്നതിനായി വലതു വശത്തുള്ള സേവ് ബട്ടൺ ക്ലിക്ക് ചെയ്യുക.

**Step 2:**
നിങ്ങൾ ചെയ്ത എഡിറ്റിനെ കുറിച്ചുള്ള ചെറിയ ഒരു വിവരണം ഡിസ്ക്രിപ്ഷൻ എന്ന ബോക്സിൽ ടൈപ്പ് ചെയ്യുക.

**Step 3:**
ഇനി upload to open street map എന്ന button ക്ലിക്ക് ചെയ്യുക.